## പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1687 | 10.03.2020 - ൽ മറുപടിക്ക് |

## സംസ്ഥാനത്തിന്റെ പുനർ നിർമ്മിതിക്കായുള്ള കൺസൾട്ടൻസി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്തിന്റെ പുനർ നിർമ്മിതിക്കായുള്ള കൺസൾട്ടൻസി 2018 ൽ കെ.പി.എം.ജി. കമ്പനിക്ക് നൽകിയിരുന്നോ; | എ), ബി) & സി) | 2018 -ലെ പ്രളയത്തിന് ശേഷം KPMG INDIA സി.ഇ.ഓ കേരള പുനർനിർമ്മാണത്തിന് താല്പര്യം പ്രകടിപ്പിച്ച് സർക്കാരിനെ സമീപിക്കുകയും ടി സ്ഥാപനത്തിന്റെ മുൻകാലങ്ങളിലെ വിവിധ മേഖലകളിലെ പ്രവർത്തിപരിചയവും കണക്കിലെടുത്തു 05/09/2018 -ലെ സർക്കാർ ഉത്തരവ് പ്രകാരം 'KPMG ഇന്ത്യ'-യെ കേരള സർക്കാരിന്റെ 'പാർട്ണർ കൺസൾട്ടന്റ്' ആയി നിയമിക്കുകയും ചെയ്തു .<br>05/03/2019-ലെ ആർ .കെ .ഐ ഉന്നതാധികാര സമിതി യോഗം റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള വിദഗ്ധരായ കൺസൾട്ടൻസിന്റെ സേവനം ലഭ്യമാക്കുന്നതിന് ഒരു പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് (PMSS) ടീമിനെ സുതാര്യമായ ബിഡിങ് മുഖേന തിരഞ്ഞെടുക്കാൻ ആർ.കെ.ഐ സി.ഇ.ഓ.-യെ ചുമതലപ്പെടുത്തി. ഇതിന്റെ |
| ബി) | പ്രസ്തുത കമ്പനിയെ പിന്നീട് ഒഴിവാക്കുവാൻ തീരുമാനിച്ചിരുന്നോ; അതിനുള്ള കാരണമെന്തായിരുന്നു; | | |

| | | |
|---|---|---|
| സി) | പ്രസ്തുത കമ്പനിയെ വീണ്ടും കൺസൾട്ടന്റായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അവരെ നിയമിച്ചത്; വിശദാംശം നൽകുമോ? | അടിസ്ഥാനത്തിൽ സുതാര്യമായ ബിഡ്ഡിങ് നടപടിക്രമത്തിലൂടെ KPMG എന്ന കൺസൾട്ടിങ് സ്ഥാപനത്തെ PMSS-നു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. KPMG-യുമായി കോൺട്രാക്ടിലേർപ്പെടുന്ന നടപടികൾ അവസാന ഘട്ടത്തിലാണ് .<br>റീ ബിൽഡ് കേരള പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് (PMSS ) ആർ.കെ.ഐ. ഫണ്ട് ചെയ്യുന്ന പ്രൊജെക്ടുകളുടെ ഇൻവെസ്റ്റ്മെന്റ് പ്ലാനിംഗ്, ഓരോ മേഖലകളുമായി ബന്ധപ്പെട്ട നയരൂപീകരണം, പരിശീലനവും ശേഷി വർധിപ്പിക്കലും, സാങ്കേതികമായ അവലോകനം, പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും, പുരോഗതി വിലയിരുത്തൽ, ആശയവിനിമയം, സങ്കട പരിഹാര മാർഗങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ ഉള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**